**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 343 10.12.2012-ൽ മറുപടിയ്ക്ക്

## കുടുംബശ്രീ പ്രവർത്തകർക്കെതിരെയുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സെക്രട്ടേറിയറ്റിന് മുന്നിൽ സഹനസമരം നടത്തിയ കുടുംബശ്രീ പ്രവർത്തകർക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എത്ര കുടുംബശ്രീ പ്രവർത്തകർക്ക് എതിരെ എന്തെല്ലാം കുറ്റങ്ങൾ ചുമത്തിയാണ് കേസ് എടുത്തിട്ടുള്ളത്; | (ബി) ഏകദേശം 7000 ത്തോളം കുടുംബശ്രീ പ്രവർത്തകർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 143, 147, 149, 283 വകുപ്പുകൾ പ്രകാരവും 2011 ലെ Kerala Public Ways Act 4(1) r/w 6 വകുപ്പുകൾ പ്രകാരവും കേരള പോലീസ് ആക്ടിലെ 39 r/w 121 വകുപ്പുകൾ പ്രകാരവുമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (സി) 2012 ഒക്ടോബർ 2 മുതൽ 9 വരെ നീണ്ടുനിന്ന പ്രസ്തുത സമരത്തിൽ സംസ്ഥാനത്ത് നിന്നു എത്ര കുടുംബശ്രീ പ്രവർത്തകർ പങ്കെടുത്തതായിട്ടാണ് പോലീസ് കണക്കെന്ന് വെളിപ്പെടുത്താമോ; | (സി) ഏകദേശം 22000 ത്തോളം കുടുംബശ്രീ പ്രവർത്തകർ പങ്കെടുത്തതായി കണക്കാക്കുന്നു. |
| (ഡി) കുടുംബശ്രീ പ്രവർത്തകർക്ക് പുറമേ മറ്റ് ആർക്കെല്ലാം എതിരെ കേസ് എടുക്കുകയുണ്ടായി? | (ഡി) പ്രസ്തുത സമരസമയത്ത് കുടുംബശ്രീ പ്രവർത്തകരെ അഭിവാദ്യം ചെയ്തവർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ